# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

ഗവ. മാപ്പിള എൽ.പി സ്കൂൾ, കുഞ്ഞിമംഗലം

ലക്ഷ്യം

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- ഓരോ ക്ലാസിലും ലഭിച്ചിരിക്കേണ്ട പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക
- പഠനത്തിൽ പിറകോട്ട് നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം
- ഇംഗ്ലീഷ് ഭാഷയിൽ അധിക പരിശീലനം
- പ്രതിഭാശാലികൾക്ക് പ്രത്യേക പരിശീലനം
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ചനേട്ടം കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുക

കുട്ടികളുടെ എണ്ണം - നിലവിലുള്ള അവസ്ഥ - 2025.26

| | 1 | | 2 | | 3 | | 4 | |
|---|---|---|---|---|---|---|---|---|
| ഓരോ ക്ലാസിലെയും വിദ്യാർത്ഥികൾ | B | G | B | G | B | G | B | G |
| | 8 | 0 | 3 | 5 | 3 | 4 | 3 | 5 |
| | | | | | | | | |

## അധ്യാപകർ- നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| | 5 | 5 | 0 | 3 |

അധ്യാപകപരിശീലനം : അധ്യാപകപരിശീലനത്തിൽ എല്ലാ അധ്യാപകരും കൃത്യമായി പങ്കെടുക്കാറുണ്ട്. എസ്.ആർ.ജി. യിൽ അവതരിപ്പിക്കാറുണ്ട്. ടീച്ചിംഗ് മാന്വലിലെ പ്രതികരണങ്ങളെ അടിസ്ഥാനമാക്കി ചർച്ചകൾ നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യാറുണ്ട്.

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം- നിലവിലെ അവസ്ഥ.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 4 | - |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 1 | - |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 1 | - |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ളസൗകര്യം. | ഉണ്ട് | - |
| പ്രധാനാധ്യാപക മുറി | ഉണ്ട് | - |
| ചുറ്റുമതിൽ | ഉണ്ട് | - |
| കളിസ്ഥലം | ഇല്ല | - |
| റാമ്പ് വിത്ത് ഹാൻഡ്റെയിൽ | ഉണ്ട് | - |
| അടുക്കള | ഉണ്ട് | - |

ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡസ്ക് ടോപ്പ് | 1 | 2 |
| ലാപ് ടോപ്പ് | 4 | - |
| പ്രൊജക്റ്റർ- എൽ.സി.ഡി | 4 | - |
| റേഡിയോ | 0 | 1 |
| ടി.വി | 1 | - |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | ഉണ്ട് | |
| ഡി.വി.ഡി. പ്ലെയർ | ഇല്ല | 1 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| സ്വന്തമായി വെബ്സൈറ്റ് | ഉണ്ട് | |
| ബ്ലോഗ് | ഉണ്ട് | |
| ഇ. മെയിൽ ഐ.ഡി | ഉണ്ട് | |
| സ്മാർട്ട് ക്ലാസ്റൂം | ഉണ്ട് | |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഇല്ല. | |

വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ- നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്. ആർ.ജി | ഉണ്ട് |
| എസ്.എം. സി. | ഉണ്ട് |

| | |
|---|---|
| എം.പി.ടി.എ | ഉണ്ട് |
| എസ്. എം. സി | ഉണ്ട് |
| എസ്. എസ്. ജി | ഉണ്ട് |
| സ്കൂൾ വികസന സമിതി | ഉണ്ട് |
| ജാഗ്രത സമിതി | ഉണ്ട് |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | ഉണ്ട് |
| ലൈബ്രറി | ഉണ്ട് |
| ലാബ് പ്രവർത്തനങ്ങൾ | ഉണ്ട് |
| കമ്പ്യൂട്ടർ ലാബ് | ഉണ്ട് |
| സുരക്ഷാ സമിതി | ഉണ്ട് |
| സയൻസ് ലാബ് | ഇല്ല |
| ഗണിതലാബ് | ഇല്ല |

അവസ്ഥാവിശകലനം - 2025-26 അധ്യയന വർഷത്തിൽ ഒന്നു മുതൽ നാല് വരെയുള്ള ക്ലാസുകളിൽ 31 കുട്ടികൾ പഠിക്കുന്നു. ചുറ്റുമതിൽ, ഹരിതാഭമായ സ്കൂൾ പരിസരം, പച്ചക്കറിക്കൃഷി, മികച്ച ലൈബ്രറി, വായനാമുറി, കിഡ്സ് മീഡിയ ചാനൽ വഴി വാർത്താസംപ്രേഷണം, Pulses of the School പത്രം, വായനാ പരിപോഷണ പരിപാടി, REAP- Rapid English Acquisition Programme) എന്ന ഇംഗ്ലീഷ് പരിപോഷണ പരിപാടി, ഫ്ലോറ & ഫോണ ജൈവവൈവിധ്യ ഗ്രൂപ്പ് എന്നിവ വിദ്യാലയത്തിന്റെ പ്രത്യേകതകളാണ്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഈ വിദ്യാലയം മികച്ച വിജയം നേടി. മികച്ച പി.ടി.എയും എം.പി.ടി.എയും സ്കൂളിനുണ്ട്.

കുട്ടികളുടെ എണ്ണം

സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതുകൊണ്ട് ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത കാരണം വളരെയധികം പ്രയാസങ്ങൾ നേരിടുന്നു. ഇതിനാൽ മികച്ച പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടും കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാവുന്നില്ല. എന്നിരുന്നാലും അറിവിന്റെ മികച്ച നിർമ്മാണ കേന്ദ്രങ്ങളിലായി, ജനവിശ്വാസമുള്ള വിദ്യാലയമായി ഈ സ്ഥാപനം നിലകൊള്ളുന്നു.

കുട്ടികളുടെ പഠനനിലവാരം

85% കുട്ടികളും പഠനത്തിൽ മികവ് പുലർത്തുന്നു. ഭൂരിഭാഗം കുട്ടികളും മലയാളം എഴുതാനും വായിക്കാനും കഴിവുള്ളവരാണ്. ചതുഷ്ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പരിസര നിരീക്ഷണങ്ങൾക്കുള്ള ധാരാളം സാധ്യതകളോടുകൂടിയുള്ള ബോധനപ്രക്രിയയിലൂടെ പരിസരപഠനം മുന്നോട്ട് പോകുന്നു. ദിവ്യാംഗരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും.

ശക്തി -

അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കുന്ന വിദ്യാലയ വികസന സമിതി

കുട്ടികളുടെ പഠനകാര്യങ്ങളിൽ താൽപര്യമുള്ള രക്ഷാകർതൃസമൂഹം

ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അധ്യാപകർ

പരിമിതികൾ

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

അതിനാൽ കുട്ടികളുടെ എണ്ണം പരിമിതമാണ്

ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റിന്റെ അഭാവം.

കളിസ്ഥലത്തിന്റെ അഭാവം

സ്കൂൾ വാഹനത്തിന്റെ അഭാവം

**സാധ്യതകൾ**

വിദ്യാലയ വികസന സമിതിയുടെ പ്രവർത്തനത്തിലൂടെ സ്വന്തമായ സ്ഥലവും കെട്ടിടവും നേടിയെടുക്കാനും തുടർന്ന് പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ മുൻനിര വിദ്യാലയങ്ങളിലൊന്നായി മാറാനും സാധിക്കും.

**ഭീഷണികൾ**

മികച്ച ഭൗതിക സൗകര്യങ്ങൾ - വാഹനത്തിന്റെ ലഭ്യത എന്നിവയോടുള്ള രക്ഷിതാക്കളുടെ ആഭിമുഖ്യം.

**സാമൂഹിക പങ്കാളിത്തം**

വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വിദ്യാലയ വികസന സമിതി സജീവമാണ്. പഠനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഓരോ മാസവും ക്ലാസ് പി.ടി.എ യോഗം ചേരുന്നുണ്ട്. 'വായനക്കൊരു പുനർജ്ജനി' എന്ന വായനാപരിപോഷണ പരിപാടിയിൽ ഭൂരിഭാഗം രക്ഷിതാക്കളും പങ്കാളികളാണ്. പിറന്നാൾ പോലുള്ള ആഘോഷങ്ങളോടനുബന്ധിച്ച് രക്ഷിതാക്കൾ മുഴുവൻ കുട്ടികൾക്കും ഭക്ഷണം നൽകാറുണ്ട്.

## ഉച്ചഭക്ഷണ പരിപാടി

വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തിനു പുറമേ പാൽ, മുട്ട എന്നിവ ലഭ്യമാക്കുന്നു. കൂടുതൽ പോഷകസമൃദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ പച്ചക്കറി കൃഷി നടത്തുന്നു. കുട്ടികളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറികളും ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നു. കുറ്റമറ്റ രീതിയിൽ സാമൂഹിക-പങ്കാളിത്തത്തോടെ ഉച്ചഭക്ഷണപരിപാടി നട-ന്നു വരുന്നു.

## കലാ-കായിക പ്രവൃത്തി പരിചയം

വിദ്യാരംഗം പരിപാടിയിലൂടെ കുട്ടികളുടെ സർഗ്ഗശേഷികൾ വികസിപ്പിച്ചിട്ടുണ്ട്. കളിസ്ഥലത്തിന്റെ അഭാവം മൂലം മികച്ച കായികപരിശീലനം നൽകാൻ സാധിക്കാറില്ല. പ്രവൃത്തി പരിചയ പഠനത്തിൽ ക്ലാസ്സ് റൂം പ്രവർത്തനത്തോടൊപ്പം പ്രത്യേക പരിശീലനവും നൽകുന്നു.

## അക്കാദമിക മാസ്റ്റർപ്ലാൻ - കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ

### പൊതു ലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

ഉദ്ദേശ്യങ്ങൾ

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം
- മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും അനായാസമാക്കുക
- സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക, മികച്ച വായനക്കാരൻ ആക്കുക.

| പ്രവർത്തനം | പ്രവർത്തനരീതി | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരക്കളരി | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വായനാ കാർഡ് നൽകൽ, അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാനുള്ള പ്രവർത്തനം, കഥ പറയൽ, എഴുതിക്കൽ, തെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള പരിശീലനം നൽകൽ, ലൈബ്രറിയിൽ നിന്നും തെരഞ്ഞെടുത്ത പുസ്തകം നൽകൽ, അമ്മ ലൈബ്രറി. | മലയാളം അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ. | |

## ഇംഗ്ലീഷ് പഠനം

- ഇംഗ്ലീഷ് പഠനം ഇന്ന് സമൂഹം കൂടുതൽ ആവശ്യപ്പെടുന്നു. മെച്ചപ്പെട്ട പഠനാന്തരീക്ഷം സ്കൂളിൽ ഒരുക്കേണ്ടതാണ്.
- ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ ആകർഷകമാക്കുകയും വായന, എഴുത്ത്, ശ്രവണം എന്നി ശേഷികൾ കുട്ടികൾ നേടുകയും ചെയ്യുക.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | ചുമതല | കാലയളവ് | സാമ്പത്തികം. |
|---|---|---|---|---|
| റീഡ് ഇംഗ്ലീഷ് | ഇംഗ്ലീഷ് ലൈബ്രറി പുസ്തകം, ഇംഗ്ലീഷ് സിമ്പിൾ സ്റ്റോറീബുക്ക്സ്, സ്റ്റോറി ചാർട്ട് എന്നിവ വായിക്കാനുള്ള സൗകര്യം ഒരുക്കൽ. | ഇംഗ്ലീഷ് അധ്യാപിക. | ജൂൺ മുതൽ മാർച്ച് വരെ. | |
| ഇംഗ്ലീഷ് തിയേറ്റർ | ഇംഗ്ലീഷ് വാർത്തകൾ, കാർട്ടൂൺ സിനിമകൾ, ആക്ഷൻ സോംഗ് എന്നിവ കേൾക്കാനുള്ള സൗകര്യമൊരുക്കുക. | ഇംഗ്ലീഷ് അധ്യാപിക. | " | |
| പ്രത്യേക പരിശീലനം. | എല്ലാ വെള്ളിയാഴ്ചയും കമ്യൂണിക്കേറ്റീവ് സ്കിൽ വർധിപ്പിക്കാനുള്ള പ്രത്യേക പരിശീലനം നൽകുന്നു. | ഇംഗ്ലീഷ് ക്ലബ്ബ് | " | |
| ഇംഗ്ലീഷ് ഡേ സെലിബ്രേഷൻ | ഇംഗ്ലീഷ് സ്പീച്ച്, സോംഗ്, സ്കിറ്റ്, മോണോ ആക്ട് തുടങ്ങിയവ ഉൾപ്പെടുത്തി ഇംഗ്ലീഷ് ഡേ ആഘോഷം. | ഇംഗ്ലീഷ് ക്ലബ്ബ് | " | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന വിടവ് നികത്തൽ | Adaptive text book ഉപയോഗിച്ച് പാഠഭാഗങ്ങൾ 'Hello English' project നിർദ്ദേശങ്ങൾക്കനുസരിച്ച് കൈകാര്യം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപിക. | |
| | | | | |

## അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുതാനും വായിക്കാനുമുള്ള കഴിവ് ആർജ്ജിക്കൽ. | പ്രയാസമുള്ള കുട്ടികളെ കണ്ടെത്തി അക്ഷരക്കാർഡുകൾ, വിവിധ ഗെയിമുകൾ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാർച്ച് | അറബി അധ്യാപകർ | SRG SMC |
| ഭാഷാ അഭിരുചിയും, വായനാ താൽപര്യം, പൊതുവിജ്ഞാനം എന്നിവ വർധിപ്പിക്കുക | വായനാ മത്സരം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു. | ജൂൺ മാർച്ച് | അറബി അധ്യാപകർ | SRG SMC |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ സർഗ്ഗാത്മകത വർധിപ്പിക്കൽ | ദിനാചരണങ്ങളുടെ ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം നടത്തുകയും ചെയ്യുക. | ജൂൺ മാർച്ച് | അറബി അധ്യാപകർ | SRG SMC |
| അറബി ഭാഷാ പഠനത്തിൽ ഐ.ടി. സാധ്യതകളുടെ ഉപയോഗത്തിന് തുടക്കം കുറിക്കൽ. | അറബിക് ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സും എന്നിവയിലൂടെ പരിശീലനം നൽകുന്നു. അറബിക് കീബോർഡ് പരിചയപ്പെടുത്തുന്നു. | ജൂൺ മാർച്ച് | അറബി അധ്യാപകർ | SRG SMC |

## ഗണിതലാബ്

- ഗണിതപഠനം എളുപ്പമാക്കുക.
- ഗണിതപഠനത്തോട് താൽപര്യമുണ്ടാക്കുക
- യുക്തി ചിന്ത വളർത്തൽ.

| പ്രവർത്തനം | പ്രവർത്തനം. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ലൂഡോ, ഗെയിം പോലുള്ള പ്രവർത്തനങ്ങൾ ഗണിതപഠനം എളുപ്പമാക്കാൻ സഹായിക്കും. പഠനോപകരണങ്ങൾ ഒരുക്കിയ ഗണിത ലാബ് വിദ്യാലയത്തിൽ ഒരുക്കിയെടുക്കുക. മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ചെയ്യാനറിയുന്ന തരത്തിൽ ഓരോ ക്ലാസ്സ്‌ധ്യാപകരും ചിട്ടപ്പെടുത്തുക. | ജൂൺ മുതൽ മാർച്ച് വരെ | Class Teacher | |

## പരിസ്ഥിതി പഠനം

ഉദ്ദേശ്യങ്ങൾ

- ചുറ്റുപാടിനെ അറിയാൻ
- സ്വന്തമായി പരീക്ഷണങ്ങൾ രൂപകൽപന ചെയ്യാനും, നിർവ്വഹിക്കാനുമുള്ള കഴിവ്.
- സാമൂഹികമായി ഇടപെടുന്നതിനുള്ള കഴിവ്.
- പഞ്ചായത്തിനെ കുറിച്ചും പൊതുസ്ഥാപനങ്ങളെ കുറിച്ചുമുള്ള അറിവുനേടൽ
- പരിസ്ഥിതി സ്നേഹവും പാരിസ്ഥിതിക ബോധവും വളർത്തിയെടുക്കൽ.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|
| നാടറിയാൻ, വീടറിയാൻ, ഫാക്ടറികൾ സന്ദർശിക്കൽ, പച്ചക്കറിത്തോട്ട നിർമാണം, ഔഷധ സസ്യത്തോട്ട നിർമാണം, കൃഷിസ്ഥലങ്ങൾ സന്ദർശിക്കൽ, പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ, അഭിമുഖങ്ങൾ, സംവാദം, പത്രവാർത്തകൾ, ക്വിസ്, ദിനാചരണങ്ങൾ, പ്രോജക്റ്റുകൾ, പഠനയാത്ര, പരിസ്ഥിതിക്ലാസ്, ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ, ചുമർപത്രിക, പതിപ്പുകൾ | ആഗസ്റ്റ് മുതൽ ജനുവരി വരെ | PTA<br>Teacher<br>പഞ്ചായത്ത്<br>BRC | |

## വായനക്കൂട്ടം

കുട്ടികളുടെ മാനസിക വികാസത്തിന് വായന അത്യന്താപേക്ഷിതമാണ്. കുട്ടികളെ വായനയിലേക്ക് ആകർഷിക്കാനും സാഹിത്യകൃതികളും ആനുകാലികങ്ങളും വായിക്കുന്നവരാക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.

ഉദ്ദേശ്യം - വിദ്യാർത്ഥികളുടെ വായന പ്രോൽസാഹിപ്പിക്കൽ.

| പ്രവർത്തനം. | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തൽ. | നിലവിലുള്ള സ്കൂൾ ലൈബ്രറി ക്രമീകരിക്കൽ, കാറ്റലോഗ് നിർമിക്കൽ, കുട്ടികൾക്ക് ഇവ ലഭ്യമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | | |
| | | | | |

| | | | |
|---|---|---|---|
| വായനാ മാസാചരണം | വായനയുമായി ബന്ധപ്പെട്ട് ഒരു മാസം നീണ്ടുനിൽക്കുന്ന വിവിധപ്രവർത്തനങ്ങൾ | | |
| വായനാമൂല | ക്ലാസ് മുറിയിൽ പ്രത്യേക ബുക്ക്കോർണർ | | |
| റീഡിംഗ് റൂം. | സ്കൂളിൽ റീഡിംഗ് റൂം സജ്ജമാക്കൽ. | | |
| വായനക്കൊരു പുനർജ്ജനി | രക്ഷിതാക്കൾക്ക് സ്കൂൾ ലൈബ്രറിയുടെ പ്രയോജനം ലഭ്യമാക്കൽ | | |

വീട്ടിൽ നിന്നും ലഭിക്കുന്ന രക്ഷിതാക്കളുടെ പിന്തുണ കുട്ടികളെ പഠനത്തിൽ മുന്നേറാൻ വളരെയധികം സഹായിക്കുന്നു. പക്ഷേ മിക്ക വീടുകളിലും രക്ഷിതാക്കൾക്ക് കുട്ടികളെ പഠനത്തിൽ സഹായിക്കാൻ സാധിക്കുന്നില്ല. ഇതിന്റെ കാരണങ്ങൾ കണ്ടെത്തി രക്ഷിതാക്കളെ പ്രാപ്തരാക്കാൻ ആവശ്യമായ പിന്തുണ നൽകുന്നു.

## വിജ്ഞാനമഴ

കുട്ടികൾ ആനുകാലികസംഭവങ്ങൾ അറിയുകയും പൊതുവിജ്ഞാനം വർധിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പത്രം, ടി.വി. ഇന്റർനെറ്റ് തുടങ്ങിയവയിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

| പ്രവർത്തനം. | പ്രവർത്തന രീതി. | കാലയളവ് | ചുമതല | സഹായത്തിന |
|---|---|---|---|---|
| ക്വിസ് പ്രോഗ്രാം. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ. | SRG | PTA |

| പ്രവർത്തനം. | പ്രവർത്തനരീതി. | | | |
|---|---|---|---|---|
| വാർത്താ സംപ്രേഷണം. | ഒരാഴ്ചത്തെ വാർത്തകൾ വായിച്ച് സ്കൂൾമാധ്യമങ്ങൾ വഴി സംപ്രേഷണം ചെയ്യുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | SRG | |

## സ്മാർട്ട് ക്ലാസ്സും.

പുതിയ കാലത്തിനനുയോജ്യമായ രീതിയിൽ വിദ്യാലയാന്തരീക്ഷം സജ്ജീകരിക്കേണ്ടതുണ്ട്. ക്ലാസ് മുറികൾ ആകർഷകവും താൽപര്യജനകവും ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങളോടു കൂടി ഒരുക്കണം.

ഉദ്ദേശ്യങ്ങൾ.

പഠനാന്തരീക്ഷം ആകർഷകവും പുതുമയുള്ളതുമാക്കുക.

ഡിജിറ്റൽ സാധ്യതകൾ ഉപയോഗിച്ച് പഠനം മെച്ചപ്പെടുത്തുക.

ഡിജിറ്റൽ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പ്രാവീണ്യം നേടുക.

## ഹരിതവിദ്യാലയം.

കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്താനും സഹജീവികളോട് സ്നേഹവും കരുണയും വളർത്താനും സാധിക്കേണ്ടതുണ്ട്.

- വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം വളർത്തുക.
- സ്കൂളിന്റെ അന്തരീക്ഷം പരിസ്ഥിതി സൗഹൃദമാക്കുക.

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി ദിനാചരണം. | വൃക്ഷത്തൈ നടൽ, ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തുന്നു. | ജൂൺ | SRG | |

| | | | | |
|---|---|---|---|---|
| ഉദ്യാനനിർമാണം. | അലങ്കാരസസ്യങ്ങൾ ശേഖരിച്ച് ഉദ്യാനം വിപുലീകരിക്കുന്നു. | ജൂലായ് മുതൽ മാർച്ച് | | |
| ഔഷധസസ്യത്തോട്ട നിർമാണം. | ഔഷധസസ്യങ്ങൾ ശേഖരിച്ച് ഔഷധസസ്യത്തോട്ടം നിർമിക്കുന്നു. | ജൂലായ് മാർച്ച് | | |

## അഞ്ച് വർഷത്തെ വികസന കാഴ്ചപ്പാട്

- കുട്ടികളുടെ എണ്ണം വർധിപ്പിക്കുക.
- എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക.
- സ്കൂളിന് സ്വന്തമായി വാഹനം.
- ഭക്ഷണശാല.
- ഓരോ കുട്ടിക്കും സ്വന്തമായി മേശ, കസേര, റാക്കുകൾ.
- ഓരോ പത്ത് കുട്ടികൾക്കും ടോയ്‌ലറ്റുകൾ
- സൈക്ലിംഗ്, നീന്തൽ, കരാട്ടെ പരിശീലനം.
- കളിസ്ഥലവും അധ്യാപകരും
- കളിയുപകരണങ്ങൾ
- ജൈവവൈവിധ്യപാർക്ക്
- ഹരിതവിദ്യാലയം
- പ്രാഥമിക ചികിത്സക്കുള്ള സംവിധാനം
- മികച്ച ലൈബ്രറി
- മികച്ച ലബോറട്ടറി.

- മികച്ച ലൈബ്രറി.
- ഓഡിയോ വിഷ്വൽ ലാംഗ്വേജ് ലാബുകൾ
- ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ആധുനിക സൗകര്യങ്ങൾ
- ഭിന്നശേഷിക്കാർക്ക് പ്രത്യേകം അധ്യാപകർ

സ്കൂളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ SRG ചേർന്ന് കലണ്ടർ നിർമ്മിക്കുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. എല്ലാ പ്രവർത്തനങ്ങളും ഓരോ ഘട്ടത്തിലും PTA, SSG, വികസന സമിതി യോഗങ്ങളിൽ അവലോകനം ചെയ്യുന്നു.